

# സപ്ലൈകോയുടെ ഹോം ഡെലിവറിക്കായി കുടുംബശ്രീ യൂണിറ്റുകൾ

കോവിഡിന്റെ രണ്ടാം പ്രഭാവത്തെ പ്രതിരോധിക്കുന്നതിനായുള്ള ഈ ലോക്ഡൗൺ കാലയളവിൽ എല്ലാ കടകളിൽ നിന്നും ഹോം ഡെലിവറിയാണ് പ്രോത്സാഹിപ്പിച്ചുവരുന്നത്. കേരളത്തിൽ ഏറ്റവും കൂടുതൽ സാധാരണക്കാർ ആശ്രയിക്കുന്നതും മിതമായ നിരക്കിൽ അവശ്യസാധനങ്ങൾ നൽകുന്നതുമായ സംവിധാനമാണ് സപ്ലൈകോ. സപ്ലൈകോ ഹോം ഡെലിവറി സംവിധാനം ആരംഭിച്ചപ്പോൾ ഈ സേവനം നൽകാൻ കുടുംബശ്രീ അംഗങ്ങൾക്ക് സാധിക്കുമോയെന്ന് ഞങ്ങളോട് അന്വേഷിച്ചിരുന്നു. ഇതിന്റെ ഭാഗമായി സപ്ലൈകോയുടെ 95 ഔട്ട്ലെറ്റുകളിൽ നിന്നുള്ള ഹോം ഡെലിവറി ഏറ്റെടുക്കുന്ന നടപടി കുടുംബശ്രീ ടീം പൂർത്തിയാക്കി.

സപ്ലൈകോയുമായുള്ള ഈ സംയോജന പദ്ധതി കഴിഞ്ഞയാഴ്ചയാണ് ആരംഭിച്ചത്. ഓരോ ജില്ലയിലെയും എവിടെയുള്ള വിപണന കേന്ദ്രങ്ങളിൽ നിന്ന് ഹോം ഡെലിവറി സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്, അതിനായി ബന്ധപ്പെടേണ്ട നമ്പരുകൾ തുടങ്ങിയ വിശദാംശങ്ങൾ http://www.supplycokerala.com/Files/N_72.pdf എന്ന ലിങ്കിൽ ലഭ്യമാണ്. ഫോൺ മുഖേനയോ വാട്സ്ആപ്പ് മുഖേനയോ ആവശ്യക്കാർക്ക് സാധനങ്ങളുടെ ഓർഡർ നൽകാനാകും. ഓരോ കേന്ദ്രത്തിലും നിയോഗിച്ചിട്ടുള്ള രണ്ട് വീതം കുടുംബശ്രീ അംഗങ്ങ

ൾ ഈ ഓർഡർ അനുസരിച്ചുള്ള സാധനങ്ങൾ അതാത് വീടുകളിലേക്ക് എത്തിക്കും. 20 കിലോഗ്രാം സാധനങ്ങളാണ് ഒരു തവണ ഓർഡർ ചെയ്യാനാകുക. ആദ്യ ഘട്ടത്തിൽ ഔട്ട്ലെറ്റിന്റെ 10 കിലോമീറ്റർ ചുറ്റളവിലുള്ള വീട്ടുകാർക്കാണ് ഈ സേവനം ലഭ്യമാക്കിയിരിക്കുന്നത്.

ഓരോ ദിവസവും ഉച്ചയ്ക്ക് 1 മണി വരെ ലഭിക്കുന്ന ഓർഡറുകൾ അതാത് ദിനം തന്നെ ഡെലിവർ ചെയ്യും. ശേഷം ലഭിക്കുന്ന ഓർഡറുകൾ പിറ്റേന്ന് രാവിലെയും വീട്ടിലെത്തിച്ച് നൽകും. 2 കിലോമീറ്റർ വരെ ചുറ്റളവിൽ സാധനങ്ങൾ എത്തിച്ച നൽകുന്നതിന് 40 രൂപയാണ് ഡെലിവറി ചാർജ്ജായി ഈടാക്കുന്നത്. 2 കിലോമീറ്ററിന് മുകളിൽ അഞ്ച് കിലോമീറ്റർ വരെ ചുറ്റളവിൽ 60 രൂപയും 5 കിലോമീറ്ററിന് മുകളിൽ 10 കിലോമീറ്റർ വരെ ചുറ്റളവിൽ 100 രൂപയുമാണ് ഡെലിവറി ചാർജ്ജായി ഈടാക്കുക.

കോവിഡ് ലോക്ഡൗൺ കാലയളവിൽ തൊഴിലവസരങ്ങൾ ഇല്ലാതായ സാഹചര്യത്തിൽ അയൽക്കൂട്ടാംഗങ്ങൾക്ക് ഒരു വരുമാനമാർഗ്ഗം തുറന്ന് നൽകാൻ ഇത് മുഖേന കഴിഞ്ഞു. കൂടാതെ ലോക്ഡൗൺ കാലയളവിൽ പൊതുജനങ്ങൾക്ക് ഏറെ ഉപകാരപ്രദമാകുന്ന ഒരു പ്രവർത്തനം തുടങ്ങാനും കുടുംബശ്രീയ്ക്ക് കഴിഞ്ഞു. ആവശ്യം ഉയരുന്ന മുറയ്ക്ക് കൂടുതൽ ഔട്ട് ലെറ്റുകളിലേക്ക് കുടുംബശ്രീ അംഗങ്ങൾ മുഖേനയുള്ള ഹോം ഡെലിവറി സംവിധാനം വ്യാപിപ്പിക്കുവാനാണ് ഞങ്ങൾ ലക്ഷ്യമിട്ടിരിക്കുന്നത്.